17. വല്ലത്തുക്കോണം

18. കമുകിൻകുഴി (തരുത്തിയമൻ)

19. പുകയിലത്തോപ്പു

20. കരിംപാലോട്

21. കോട്ടമല

22. ചെമ്പ്രക്കോട്

23. പാറയക്കോട്

(ബി,സി&ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പ്രീ-മെട്രിക് ഹോസ്റ്റൽ വാർഡൻമാരുടെ കാറ്റഗറി മാറ്റം

20 (183) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ വാർഡൻമാരായി ജോലി ചെയ്ത വർഷങ്ങൾക്ക് മുമ്പ് സർവ്വീസിൽ പ്രവേശിച്ചവർക്ക് തസ്തിക മാറ്റം വഴി ക്ലാർക്കുമാരായി നിയമനം നൽകുന്നതിനുള്ള നടപടി ക്രമം ഏത് ഘട്ടംവരെയായി എന്ന് വെളിപ്പെടുത്താമോ ;

(ബി) സ്പെഷ്യൽ റൂൾസ് നിലവിൽ വന്നശേഷം ഈ കാറ്റഗറിയിൽപ്പെട്ട ഒരു വിഭാഗം വാർഡൻമാർക്ക് ഈ കാറ്റഗറി മാറ്റം നടപ്പിലാക്കിയിട്ടില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിക്കുകയുണ്ടായി ;

(ഡി) സങ്കേതിക കാരണങ്ങൾ പറഞ്ഞ് ഇവർക്ക് കാറ്റഗറി മാറ്റം അനുവദിക്കാത്തതിനെത്തുടർന്ന് താല്പര്യമുള്ളവർക്ക് ഏറ്റവും ജൂനിയർ ക്ലാർക്കുമാരായിട്ടെങ്കിലും തസ്തിക മാറ്റം നൽകണമെന്ന ഇവരുടെ ആവശ്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) 15-5-1993-ൽ ഈ വകുപ്പിൽ നിലവിൽ വന്ന സ്പെഷ്യൽ റൂൾസ് പ്രകാരമാണ് ഈ വകുപ്പിലെ വാർഡൻ തസ്തികകൾ എൽ.ഡി.ക്ലാർക്കുമാരുടെ കേഡറിലെ അഡിഷൻ ടു കേഡർ തസ്തികകളായി മാറ്റിയത്. അതിൻപ്രകാരം 15-5-1993-ന് ശേഷം ഈ വകുപ്പിൽ എൽ.ഡി.ക്ലാർക്കുമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കപ്പെട്ട വാർഡൻമാർക്ക് പിന്നീട് ഒഴിവുകളുടെ ലഭ്യത അനുസരിച്ച് ക്ലാർക്കുമാരായി തസ്തിക മാറ്റം അനുവദിക്കുന്നുണ്ട്. സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിന് മുമ്പ് വാർഡൻമാരായി നിയമിക്കപ്പെട്ടവർക്ക് എൽ.ഡി.ക്ലാർക്കുമാരായി തസ്തിക മാറ്റത്തിന് അർഹതയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) സ്പെഷ്യൽ റൂൾ പ്രകാരം 15-5-1993-ന് മുമ്പ് നിയമിക്കപ്പെട്ട വാർഡൻമാർ എൽഡിക്ലാർക്കുമാരുടെ ലിസ്റ്റിൽ നിന്നും നിയമിക്കപ്പെട്ടവരല്ലാത്തതിനാൽ അവർക്ക് ക്ലാർക്കുമാരായി തസ്തിക മാറ്റം അനുവദിക്കാൻ നിർവ്വാഹമില്ല.

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

പട്ടികവർഗ്ഗ ജനസംഖ്യാ കണക്കുകൾ

21 (184) ശ്രീ. എ. കണാരൻ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991-ലെ സെൻസസ് പ്രകാരം കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ എത്രയാണ്;

(ബി) ജാതി, ഉപജാതി തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) 1981-ലെ ജനസംഖ്യയിൽ നിന്നും 1991-ലെ ജനസംഖ്യയിലെ കണക്കും തമ്മിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വിശദീകരിക്കുമോ;

(ഡി) കേരളത്തിൽ ഏറ്റവും കൂടുതൽ പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ കേന്ദ്രീകരിച്ച് അധിവസിക്കുന്ന പ്രദേശങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ഇ) ആകെ പട്ടികവർഗ്ഗ ജനസംഖ്യയുടെ എത്ര ശതമാനം വയനാട്, ഇടുക്കി പ്രദേശങ്ങളിൽ അധിവസിക്കുന്നുയെന്ന് വിശദമാക്കാമോ;

(എഫ്) പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സാക്ഷരതാ ശതമാന നിരക്ക് എത്രയാണ്; ഇത് സ്ത്രീ-പുരുഷ വിഭാഗങ്ങളിൽ ഓരോന്നിലും എത്രയെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 3,20,967.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.[1]

(സി) ഉണ്ട്. 22% വർദ്ധന 10 വർഷത്തിനുള്ളിൽ ഉണ്ടായിട്ടുണ്ട്.

(ഡി) വയനാട്, ഇടുക്കി, പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശങ്ങൾ

(ഇ) 51.48%.

(എഫ്) പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സാക്ഷരതാ ശതമാനം 57.22 ആണ്.

പുരുഷൻമാർ	-	63 ശതമാനവും
സ്ത്രീകൾ	-	51.07 ശതമാനവും സാക്ഷരരാണ്.

[1]അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly